# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *41 26.04.2017- ൽ മറുപടിക്ക്**

**"ചെറുകിട, ഇടത്തരം സൂക്ഷ്മവ്യവസായങ്ങളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും പദ്ധതികൾ"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, എസ്.ശർമ്മ<br>,, വി.കെ.സി.മമ്മത് കോയ<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കോർപ്പറേറ്റ്വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയത്തിന്റെ കെടുതികളിൽ നിന്ന് സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സൂക്ഷ്മവ്യവസായങ്ങളെ സംരക്ഷിക്കാനും അവയെ പ്രോത്സാഹിപ്പിക്കാനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |
| ബി) | സംരംഭക സൗകര്യ (ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്) സൂചികയിൽ ഏറെ പിന്നിൽ നിൽക്കുന്ന നിലവിലെ അവസ്ഥ മാറ്റിയെടുക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന | ബി) | വ്യവസായസംരംഭകർക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നല്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി. ഐ. പി. പി) 2016 ലെ കണക്കുപ്രകാരം ഈസ് |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം 20 ആണ്. ആയത് മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് അനുകൂലമായ പരിഷ്കരണങ്ങൾ നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും പഠനം നടത്തി ലഭിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ആക്ട്/റൂളുകൾ, ഉത്തരവുകൾ എന്നിവ യിന്മേലുള്ള സൂക്ഷ്മ പരിശോധന നടന്നുവരുന്നു. |
| സി) | തൊഴിൽദാന ക്ഷമത ഏറിയതും പരിസ്ഥിതി നാശവും ഭൂവിനിയോഗവും കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സര പ്രാപ്തി ഉയർത്താനായി പദ്ധതിയുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | സി) | തൊഴിൽദാന ക്ഷമത ഏറിയതും പരിസ്ഥിതി നാശവും ഭൂവിനിയോഗവും കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സര പ്രാപ്തി ഉയർത്താനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പൊതു സേവന കേന്ദ്രങ്ങളും പരിശീലന പദ്ധതികളും കരകൗശല ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ മാർക്കറ്റിൽ മത്സരിക്കുന്നതിനും വിപണനം നടത്തുന്നതിനും പദ്ധതികളും ആവിഷ്കരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**